**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5570** **13-08-2021 - ൽ മറുപടിയ്ക്ക്**

**അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കരട് വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കിരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസ മേഖല ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെ അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടേക്കാട് പക്ഷിസങ്കേതത്തിന് ചുറ്റും കുട്ടമ്പുഴ, കിരംപാറ ഗ്രാമപഞ്ചായത്തുകളിലെ സ്ഥലങ്ങൾ ഉൾപ്പെട്ട 1 കി.മീ. വീതിയിൽ എക്കോ സെൻസിറ്റീവ് സോണായി MoEF&CC 2020 സെപ്റ്റംബർ 29-ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. |
| (ബി) | ഈ പ്രദേശങ്ങളിലെ ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്. സ.ഉ (കൈ) നം. 29/2019/വനം, തീയതി 31.10.2019 പ്രകാരമാണ് സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കി.മീ. വരെയുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തീരുമാനിച്ചത്. ഇതിനെ തുടർന്ന് തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സർക്കാർ കത്ത് നം. ഡി2/46/2019/വനം പ്രകാരം 16.11.2020 ന് സർക്കാരിൽനിന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (സി) | സമർപ്പിച്ചിട്ടുണ്ട്. സ.ഉ (കൈ) നം. 29/2019/വനം, തീയതി 31.10.2019 പ്രകാരമാണ് സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കി.മീ. വരെയുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തീരുമാനിച്ചത്. ഇതിനെ തുടർന്ന് തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ജനവാസ മേഖലകളെ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സർക്കാർ കത്ത് നം. ഡി2/46/2019/ വനം പ്രകാരം 16.11.2020 ന് സർക്കാരിൽനിന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പുതുക്കിയ പ്രൊപ്പോസലിൽ വേഗത്തിൽ തീരുമാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സമയാസമയം നടത്തുന്ന വിദഗ്ധ സമിതിയുടെ (എക്സ്പെർട്ട് കമ്മിറ്റി) യോഗത്തിന് ശേഷമാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ഈ വിദഗ്ധ സമിതിയുടെ യോഗം ചേർന്നതിനുശേഷം കേരള സർക്കാർ സമർപ്പിച്ച തട്ടേക്കാടിന്റെ പുതുക്കിയ പ്രൊപ്പോസലിൻമേൽ തീരുമാനം കൈക്കൊള്ളുന്നതും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ